**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6007** **09-07-2024 - ൽ മറുപടിയ്ക്ക്**

**കെ-ബിപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതി ലക്ഷ്യമിട്ട് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്) നടത്തിവരുന്ന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതി ലക്ഷ്യമിട്ട് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന നടത്തിവരുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1.ക്ലസ്റ്റർ ഡവലപ്മെന്റ് പ്രോഗ്രാം (സി.ഡി.പി)**<br><br>സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിലെ സംരംഭങ്ങൾക്ക് കുറഞ്ഞ ചിലവിൽ ഗുണമേന്മയുള്ള ഉത്പന്നങ്ങൾ നിർമിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി അത്തരം വ്യവസായ ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനായി കേന്ദ്ര എംഎസ്എംഇ മന്ത്രാലയത്തിന്റെ എം.എസ്.ഇ. - സി.ഡി.പി. പദ്ധതിയുടെ കേരളത്തിലെ ഇംപ്ലിമെന്ററിംഗ് ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) കേരളത്തിൽ നടപ്പിലാക്കി വരുന്നു.<br><br>**2.പ്രധാൻമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ.പദ്ധതി)**<br><br>കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി സംസ്ഥാനങ്ങളുമായി സഹകരിച്ച് ഭക്ഷ്യ സംസ്കരണ മേഖലയുടെ ഉന്നമനത്തിനായി പ്രധാനമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ. പദ്ധതി) രൂപീകരിച്ചിട്ടുണ്ട്. |

2020-21 മുതൽ 2024-25 വരെയുള്ള അഞ്ച് വർഷക്കാലയളവിൽ 10,000 കോടി രൂപയുടെ വിഹിതം ഈ പദ്ധതി വിഭാവനം ചെയ്യുന്നു. സ്കീമിന്റെ ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിൽ 60:40 അനുപാതത്തിൽ പങ്കിടുന്നു. ഈ പദ്ധതിയിലൂടെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കു സാമ്പത്തിക, സാങ്കേതിക, ബിസിനസ്സ് പിന്തുണ ലഭിക്കുന്നതാണ്. ഈ പദ്ധതിക്കു കീഴിൽ 2 ലക്ഷം സൂക്ഷ്മ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി കൊണ്ട് നേരിട്ട് സഹായം ലഭ്യമാകും.

ഒരു ജില്ല ഒരു ഉൽപ്പന്നം (ODOP) എന്ന സമീപനമാണ് ഈ പദ്ധതി സ്വീകരിക്കുന്നത്. ഈ പദ്ധതിയുടെ നേട്ടങ്ങൾ ലഭ്യമാക്കുന്നതിനായി 10 ഉൽപ്പന്നങ്ങൾ കേരളത്തിലെ 14 ജില്ലകളുടെ ODOP ആയി കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. പി.എം.എഫ്.എം.ഇ. പദ്ധതി പ്രകാരം സ്വയം സഹായ സംഘാംഗങ്ങൾക്കുള്ള സീഡ് ക്യാപിറ്റൽ ധനസഹായം കുടുംബശ്രീ മിഷൻ (സ്റ്റേറ്റ് റൂറൽ/ അർബൻ ലൈവലി ഹുഡ് മിഷൻ) മുഖേനയാണ് നല്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി വിഭാഗത്തിന് കീഴിൽ അനുവദിച്ച വായ്പകളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള റാങ്കിംഗിൽ 102% ലക്ഷ്യ പൂർത്തീകരണം സാധ്യമാക്കി ദേശീയ തലത്തിൽ കേരളം മൂന്നാം സ്ഥാനം നേടുകയുണ്ടായി.

**3.കേരള സംസ്ഥാന ബാംബൂ മിഷൻ (കെ.എസ്.ബി.എം)**

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിലൊന്നായ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടെയും സംരംഭകരുടെയും വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ മുഖേന നൈപുണ്യ വികസന പരിശീലനം, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക മികവ് വർദ്ധിപ്പിക്കുക, സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പ്രാപ്തരാക്കുക, പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം, വിപണന മേളകൾ സംഘടിപ്പിക്കുക, ദേശീയ അന്തർ ദേശീയ മേളകളിൽ കരകൗശല വിദഗ്ധരെ പങ്കെടുപ്പിക്കുക, മുള കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ എല്ലാ വർഷവും

| | | | |
|---|---|---|---|
| | | | ഡിസംബർ മാസത്തിൽ കൊച്ചിയിൽ ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചുവരുന്നു.<br><br>**4.നാഷണൽ ബാംബൂ മിഷൻ പദ്ധതി**<br><br>മുള നഴ്സറികളുടെ വികസനം, മുള പ്ലാന്റേഷൻ, മുള സംസ്കരണവും സംരക്ഷണം, ഉല്പന്ന നിർമ്മാണം, പ്രോസസ്സിംഗ്, ടൂൾസ് & മെഷീനറി, കോമൺ ഫെസിലിറ്റി സെന്റർ, ലൈവിലിഹുഡ് ബിസിനസ്സ് ഇൻകുബേറ്റർ, ബാംബൂ ബസാർ, നൈപുണ്യ വികസനവും ബോധവൽക്കരണ പരിപാടികൾ, ദേശീയ അന്തർ ദേശീയ മേളകളിൽ പങ്കെടുപ്പിക്കുക, സെമിനാറുകൾ/വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുക, റിസർച്ച് & ഡവലപ്മെൻറ് എന്നീ പദ്ധതികൾക്ക് വേണ്ടി നാഷണൽ ബാംബൂ മിഷന്റെ സഹായത്തോടുകൂടി സംസ്ഥാന ബാംബൂ മിഷന് നടപ്പിലാക്കുന്നു.<br><br>**<u>5.Raising and Accelerating MSME Performance (RAMP) scheme</u>**<br><br>സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിലേയും സേവന മേഖലയിലേയും യൂണിറ്റുകൾക്ക് ആവശ്യമായ പ്രോൽസാഹനം നല്കുന്നതിനും, വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനും സാങ്കേതിക നവീകരണവും ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് റാമ്പ്. ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിനായി Strategic Implementation Plan (SIP) തയ്യാറാക്കുന്നതിനായി 2023 ജൂണിൽ M/s. Ernst & Young LLP എന്ന ഏജൻസിയെ നിയമിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. |
| (ബി) | ദേശീയ-അന്തർ ദേശീയ മേളകളിൽ സംസ്ഥാനത്ത് നിന്നുള്ള സംരംഭകരുടെ ഉല്പന്നങ്ങളും സേവനങ്ങളും പരിചയപ്പെടുത്തുന്നതിനും വിപണനം നടത്തുന്നതിനും പ്രസ്തുത സ്ഥാപനം നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ? | (ബി) | കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ മേഖലയിലെ സംരംഭകർക്ക് അവരുടെ ഉല്പന്നങ്ങളും സാങ്കേതിക വിദ്യകളും പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും ഇൻഡസ്ട്രിയൽ പ്രൊമോഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി വ്യവസായ വകുപ്പിന് വേണ്ടി കെബിപ്പ് തദ്ദേശീയ - ദേശീയ - അന്തർ ദേശീയ മേളകളിൽ അവസരം ഒരുക്കുന്നു.<br><br>2023-24 സാമ്പത്തിക വർഷം വിവിധ ദേശീയ അന്തർദേശീയ മേളകളിൽ കേരളത്തിലെ സംരംഭകർക്ക് വിപണി ലഭ്യത ഉറപ്പുവരുത്തുന്നതിനായി അവരുടെ ഉല്പന്നങ്ങളും സാങ്കേതിക വിദ്യകളും പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും കെബിപ്പ് മുഖേന അവസരം ഒരുക്കിയിട്ടുണ്ട്. |

കൂടാതെ കേരളത്തിലെ മുള മേഖലയിലെ കരകൗശലക്കാർക്ക് വിപണി ലഭ്യത ഉറപ്പുവരുത്തുന്നതിനായി 2023 സെപ്റ്റംബറിൽ ഡൽഹിയിൽ നടന്ന G20 ഉച്ചകോടിയുടെ ഭാഗമായി സംഘടിപ്പിച്ച ഇന്ത്യൻ ക്രാഫ്റ്റ്സ് ബസാറിൽ കേരളത്തിലെ മുള കരകൗശലക്കാരെ പങ്കെടുപ്പിച്ചു. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച രാജ്യാന്തര വ്യാപാര മേള (IITF 2023) യിൽ കേരള പവിലിയനിൽ പങ്കെടുത്ത വിവിധ വകുപ്പുകളിൽ കേരള സ്റ്റേറ്റ് ബാംബൂ മിഷൻ വ്യാപാര സ്റ്റാളുകളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

പിഎം എഫ്എംഇ പദ്ധതി പ്രകാരം കേരളത്തിലെ ഭക്ഷ്യ സംസ്കരണ മേഖലയിലെ യൂണിറ്റുകളെ കെബിപ്പ് മുഖേന വിവിധ വ്യാപാര മേളകളിൽ പങ്കെടുപ്പിച്ചു.

**<u>വാർഷിക മേളയായ ബാംബൂ ഫെസ്റ്റ്</u>**

ഡിസംബർ/ജനുവരി മാസത്തിൽ കൊച്ചിയിൽ ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചു വരുന്നു. മുളകരകൗശല പ്രവർത്തകർക്ക് അവരുടെ സ്വന്തം ഉൽപ്പന്നങ്ങൾ നേരിട്ട് വിൽപ്പന നടത്തുന്നതിനായുള്ള സൗകര്യം ഒരുക്കുക എന്നതാണ് ഈ മേളയുടെ പ്രധാന ലക്ഷ്യം.

**<u>കേരള ക്രാഫ്റ്റ്സ് മേള</u>**

കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും, നിലനിൽപ്പിനും വേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന കേരള ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു വരുന്നു. കേരളത്തിലെ കരകൗശല മേഖലയെ ശക്തിപ്പെടുത്തുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ഈ മേഖലയിലുള്ള വിദഗ്ധരുമായി സമ്പർക്കം പുലർത്തുക, കരകൗശലക്കാർക്ക് ഉപഭോക്താക്കളുമായി നേരിട്ട് ഇടപഴകുവാനുള്ള അവസരം ഒരുക്കികൊടുക്കുക, കേരളത്തിലെ പരമ്പരാഗതമായ കരകൗശല/ കൈത്തറി ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുക, വിദേശികൾക്കും സ്വദേശികൾക്കും പരമ്പരാഗത കരകൗശലഉൽപ്പന്നങ്ങൾ കേരളത്തിന്റെ തനിമയോടെ പ്രദർശിപ്പിക്കുവാനുള്ള ഒരു വേദി ഒരുക്കുക, സന്ദർശകർക്കും ഉപഭോക്താക്കൾക്കും സ്ഥാപനങ്ങൾക്കും കേരളത്തിലെ കരകൗശലക്കാരുടെ സാങ്കേതിക മികവും കഴിവും പ്രദർശിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ മേള സംഘടിപ്പിക്കുന്നത്.

**<u>കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്</u>**

| | | | |
|---|---|---|---|
| | | | കേരളത്തിലെ ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണം, കൈത്തറി, തുണിത്തരങ്ങൾ, ഫാഷൻ ഡിസൈൻ, ഫർണിഷിംഗ് ഉൽപന്നങ്ങൾ, ആയുർവേദ കോസ്മെറ്റിക്സ്, ഹെർബൽ ന്യൂട്രാസ്യൂട്ടിക്കൽസ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, റബ്ബർ, കയർ ഉൽപന്നങ്ങൾ, കരകൗശല വസ്തുക്കൾ, മുള തുടങ്ങിയ പരമ്പരാഗത പ്രധാന മേഖലകളുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യകളും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് വ്യാപാർ സംഘടിപ്പിക്കുന്നത്. കേരളത്തിൽ നിലവിലുള്ള ഉല്പാദന മേഖലയിലെ ഉല്പന്ന ഗുണമേന്മയും സാങ്കേതിക വിദ്യയും ഉയർത്തി കാണിക്കുകയും അതിലൂടെ വ്യാവസായിക വളർച്ചയും വ്യാപാർ ലക്ഷ്യമിടുന്നു.<br><br>**<u>കേരള ഇ-മാർക്കറ്റ് പോർട്ടൽ</u>**<br><br>വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ് പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക്, ദേശീയ അന്തർ ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും. കേരളത്തിലെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും സഹകരണത്തോടെ 14 ജില്ലകളിലും എസ്.എം.ഇ. പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ